സി. എസ്. ഐ. മദ്ധ്യകേരള മഹായിടവക
ക്രിസ്തീയ വിദ്യാഭ്യാസ വകുപ്പ്

MADHYA KERALA DIOCESE CSI DEPARTMENT OF CHRISTIAN EDUCATION

# മിഷൻ സൺഡേ

2017
ഫെബ്രുവരി 26 ഞായർ

## റവ. എം. വി. പോത്തൻ

(ലഘുചരിത്രം)

സ്തോത്രകാഴ്ച
**മൈസൂർ മിഷനിൽ ആരംഭിക്കുന്ന സൺഡേസ്കൂളിന്റെ മിഷൻപ്രവർത്തനം**

# മിഷൻ സൺഡേ

## (2017 ഫെബ്രുവരി 26 ഞായർ)

കർത്താവിൽ പ്രിയരേ,

ഈ വർഷം ഫെബ്രുവരി നാലാം ഞായർ (26-ാം തീയതി) മിഷൻ സൺഡേയായി ആചരിക്കുവാൻ ക്രമീകരണം ചെയ്തിരിക്കുന്നു. സൺഡേ സ്കൂൾ കുട്ടികൾക്ക് മിഷനറി പ്രവർത്തനങ്ങളോടു താത്പര്യം ഉണ്ടാകുവാനും മഹായിടവക മിഷനറിപ്രവർത്തനങ്ങളെ പരിചയപ്പെടുത്തുവാനുമായി ആരംഭിച്ചതാണ് മിഷൻ സൺഡേ. ഈ ദിവസം പ്രത്യേകമായി ആചരിക്കുവാൻ ബഹുമാനപ്പെട്ട പട്ടക്കാരുടെയും സഭാശുശ്രൂഷകരുടെയും സൺഡേ സ്കൂൾ ഹെഡ്മാസ്റ്റേഴ്സിന്റെയും അധ്യാപകരുടെയും സഹായം അഭ്യർത്ഥിക്കുന്നു.

മിഷനറിമാരാൽ രൂപീകൃതമായ നമ്മുടെ മഹായിടവകയിൽ മിഷനറി താത്പര്യമുള്ള പുതിയ തലമുറ ഉണ്ടാകണം. ദൈവരാജ്യത്തിന്റെ ദർശനം ഉൾക്കൊണ്ട് പ്രവർത്തിക്കുവാൻ സന്നദ്ധതയുള്ള യുവതീയുവാക്കളെ നമുക്ക് ആവശ്യമുണ്ട്. നമ്മുടെ ആശ്രമപ്രവർത്തനങ്ങൾ ശക്തമാകണം. സുവിശേഷ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാകണം. മിഷൻപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും മിഷൻ പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിക്കുന്നതിനും സാമ്പത്തികമായി സഹായിക്കുന്നതിനും കുട്ടികളിൽ താത്പര്യം ഉണ്ടാകണം. അതിന് ഈ വർഷത്തെ മിഷൻ സൺഡേ ആചരണം സഹായിക്കട്ടെ.

**കുട്ടികൾക്ക് പ്രത്യേക കവർ നൽകി സുവിശേഷവേലയ്ക്കുവേണ്ടിയുള്ള സംഭാവന സമാഹരിക്കണം.** ഈ വർഷത്തെ സ്തോത്രകാഴ്ച മൈസൂർ മിഷനിൽ സൺഡേസ്കൂളിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഗ്രാമത്തിലെ സുവിശേഷ പ്രവർത്തനത്തിനുവേണ്ടി ഉപയോഗിക്കുന്നതാണ്. 1,00,000 രൂപ ലഭിക്കേണ്ടിയിരിക്കുന്നു.

ഈ വർഷത്തെ മിഷൻ സൺഡേയിലെ പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത് സി. എം. എസ്. മിഷനറിമാരുടെ മിഷനറി ദർശനത്തെ ഏറ്റുവാങ്ങി സമർപ്പണത്തോടെ സുവിശേഷവേല ഏറ്റെടുത്ത റവ. എം. വി. പോത്തൻ അച്ചന്റെ ജീവിതകഥയാണ്. ദൈവത്തോടു ഹൃദയബന്ധം പുലർത്തി ജീവിച്ച അച്ചൻ മിഷൻപ്രവർത്തനങ്ങളിലും ഇടവകശുശ്രൂഷയിലും ശ്രദ്ധേയമായ മാതൃക കാട്ടി എന്നതു പ്രസ്താവ്യമാണ്. സുവിശേഷത്തിന്റെ സാമൂഹികമാനം എന്തായിരിക്കണമെന്നും അച്ചൻ വരച്ചുകാട്ടി. പോത്തൻ അച്ചന്റെ ജീവിതം നമ്മോടു സംസാരിച്ചു സമർപ്പണത്തിലേക്കു നമ്മെ നയിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ആശംസകൾ നേർന്നുകൊണ്ട്,

**റവ. ജിജി ജോൺ ജേക്കബ്**

*ജനറൽ സെക്രട്ടറി*

## മിഷൻ സൺഡേയിലെ ആരാധനയിൽ ഉപയോഗിക്കുവാനുള്ള വേദഭാഗങ്ങളും പാട്ടുകളും

| പാഠങ്ങൾ | പാട്ടുകൾ |
| --- | --- |
| ഉല്പത്തി 28:10-22 | കീർത്തനം 270 |
| യോഹന്നാൻ 20:19-23 | ഗീതം 157 |
| സങ്കീർത്തനം 84 | |

# പ്രാർത്ഥനകൾ

### മിഷനറിവേലയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന

ലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ എന്ന് അരുളിച്ചെയ്ത വാഴ്ത്തപ്പെട്ട കർത്താവേ, നിന്റെ നിയോഗം അനുസരിച്ച മിഷനറിപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏവർക്കുംവേണ്ടി ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. പ്രത്യേകമായി കേരളത്തിലേക്കു വന്ന സി. എം. എസ്. മിഷനറിമാർക്കായും അവരിൽക്കൂടെ ഞങ്ങൾക്കു നൽകിയ സുവിശേഷ വെളിച്ചത്തിനായും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഈ സുവിശേഷം മറ്റുള്ളവർക്കു നൽകുവാൻ ഞങ്ങളുടെ മഹായിടവകയായി കേരളത്തിനകത്തും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും നടത്തുന്ന പ്രവർത്തനങ്ങൾക്കുവേണ്ടി ഞങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുന്നു. ത്യാഗപരമായി ഈ വേലയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ മിഷനറിമാരെയും ഞങ്ങൾ തിരുമുമ്പാകെ ഓർക്കുന്നു. അവരുടെ വേല ഏറ്റവും അനുഗ്രഹകരമായി തീരുവാനും അതിന്റെ ഫലമായി അനേകർ സുവിശേഷവെളിച്ചത്തിലേക്കു വരുവാനും നിത്യജീവന്റെ അവകാശികളായിത്തീരുവാനും സഹായിക്കണമെന്ന് യേശുക്രിസ്തു മൂലം ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ആമെൻ.

### സ്തോത്രകാഴ്ചയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന

സർവ്വശക്തനായ ദൈവമേ, സ്വന്തപുത്രനെ അദരിക്കാതെ ഞങ്ങൾക്ക് എല്ലാവർക്കുംവേണ്ടി ഏൽപ്പിച്ചുതരികയും അവനോടുകൂടെ സകലവും ഞങ്ങൾക്കു സൗജന്യമായി നൽകുകയും ചെയ്തിരിക്കുന്നുവല്ലോ. ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി കണക്കുനോക്കാതെ കൊടുപ്പാനും മുറിവുകളെ ഗണ്യമാക്കാതെ പോരാടുവാനും സ്വസ്ഥതയ്ക്കായി കാംക്ഷിക്കാതെ അദ്ധ്വാനിപ്പാനും ഞങ്ങൾ ചെയ്യുന്നതൊക്കെയും ദൈവഹിതം എന്ന് അറിയുന്നതൊഴികെ വേറൊന്നും അഗ്രഹിക്കാതിരിക്കുവാനും അടിയങ്ങളെയും പഠിപ്പിക്കേണമേ. ആമെൻ.

ജീവിതകഥ

# റവ. എം. വി. പോത്തൻ

കൂട്ടുകാരേ, മിഷൻ എന്ന വാക്ക് കേൾക്കുമ്പോൾ എന്തെല്ലാമാണ് നമ്മുടെ മനസ്സിലേക്ക് ഓടിയെത്തുന്നത്. മിഷൻ സ്കൂളുകൾ, മിഷൻ ആശുപത്രികൾ, മിഷനറി ആഗമനത്തിന്റെ ദ്വിശതാബ്ദി എന്നിങ്ങനെയുള്ള വാക്കുകൾ നമുക്ക് പരിചിതമാണ്. ഈ വാക്കുകളെല്ലാം ക്രൈസ്തവ സഭയുമായി ബന്ധപ്പെട്ടാണ് പൊതുവായി നാം ഉപയോഗിക്കുന്നത്.

യേശുക്രിസ്തുവിന്റെ സുവിശേഷം പുതിയ ദേശങ്ങളിൽ/ അന്യദേശങ്ങളിൽ പ്രചരിപ്പിക്കുന്നതിനായി നിയോഗിക്കപ്പെടുന്ന വ്യക്തികൾ, ഒരു ദേശത്തിൽ നിന്നും മറ്റു ദേശങ്ങളിലേക്ക് അയയ്ക്കപ്പെടുന്നവരാകുന്നു എന്ന അർത്ഥത്തിലാണ് മിഷനറിമാർ എന്ന പദം ഉപയോഗിച്ചുതുടങ്ങുന്നത്. അവരുടെ പ്രവർത്തനങ്ങൾ 'മിഷൻ പ്രവർത്തനങ്ങൾ' എന്ന പേരിൽ അറിയപ്പെടാനും തുടങ്ങി. നമ്മുടെ പറക്കാൽ മിഷന്റെ ചരിത്രം മറന്നിട്ടില്ലല്ലോ.

മിഷൻ എന്ന വാക്ക് അയയ്ക്കുക, അയയ്ക്കപ്പെടുക എന്നിങ്ങനെയുള്ള ആശയങ്ങളുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെയെങ്കിൽ ആരാണ് മിഷനറിമാരെ അയയ്ക്കുന്നത് എന്നു ചിന്തിക്കാം. നമ്മുടെ മിഷൻവയലുകളിലെ മിഷനറി അച്ചന്മാരെക്കുറിച്ചോർക്കാം. അവർ ഏറ്റെടുത്തിരിക്കുന്നത് ദൈവിക നിയോഗമാണ്. മഹായിടവകയുടെ മിഷൻകേന്ദ്രങ്ങൾ അതിന് ചാലകങ്ങളായി പ്രവർത്തിക്കുന്നു എന്നുമാത്രം. മിദ്യാന്യരുടെ മുമ്പിൽ പേടിച്ചുനിന്ന ഗിദയോനോട് ദൈവം പറയുന്നത് "ഞാൻ അല്ലയോ നിന്നെ അയയ്ക്കുന്നത്" (ന്യായാധിപന്മാർ 6:14) എന്നാണ്. അങ്ങനെ ദൈവം ഗിദയോനെ ധൈര്യപ്പെടുത്തുന്നു. വേദപുസ്തകത്തിൽ ഉടനീളം ദൈവം ചില ദൗത്യങ്ങൾ നൽകി അയയ്ക്കുന്ന വ്യക്തികളുടെയും ജനതകളുടെയും ചരിത്രങ്ങൾ വർണ്ണിച്ചിരിക്കുന്നു. ഇതിൽനിന്നും നമുക്കെന്തു മനസ്സിലാക്കാം? ക്രൈസ്തവ സഭ മിഷനിൽ ഒരു പ്രധാന പങ്കു വഹിക്കുന്നെങ്കിലും മിഷൻ ആത്യന്തികമായി ദൈവത്തിന്റേതാണ്. ഇംഗ്ലീഷിൽ Mission of God എന്നാണ് മിഷനെപ്പറ്റി പറയുന്നത്. യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട് നാം ആരാധിക്കുന്ന ദൈവം മിഷനറി ദൈവമാണ്. ഇങ്ങനെയൊക്കെയാണെങ്കിലും മിഷൻ എന്ന വാക്ക് ക്രൈസ്തവരുടെ സ്വന്തമാണെന്ന് കരുതരുത്. എല്ലാ മതങ്ങളും തങ്ങളുടെ മതപ്രചരണത്തിന് മിഷൻ എന്ന വാക്ക് ഈ കാലത്ത് ഉപയോഗിക്കുന്നുണ്ടെന്നു മറന്നുപോകരുത്.

'ദൈവത്തിന്റെ മിഷൻ' വലിയൊരാശയത്തെ പ്രതിനിധാനം ചെയ്യുന്നുണ്ട്. ദൂരെയുള്ള മിഷൻവയലുകൾ മാത്രമല്ല, നമ്മുടെ ദൈവാലയവും നാം

പഠിക്കുന്ന സൺഡേസ്കൂളുമെല്ലാം ദൈവത്തിന്റെ മിഷനിൽ ഉൾപ്പെടുന്നു. ദൈവം ഹൃദയത്തിൽ പ്രചോദിപ്പിക്കുന്നതുകൊണ്ടാണ് നമ്മുടെ സൺഡേസ്കൂൾ അദ്ധ്യാപകർ ഏറ്റവും ആത്മാർത്ഥതയോടെ ഈ ശുശ്രൂഷ നിർവ്വഹിക്കുന്നത്. നമ്മെയൊരുക്കി സൺഡേസ്കൂളിലേക്കയയ്ക്കുന്ന നമ്മുടെ മാതാപിതാക്കൾക്കും ദൈവത്തിന്റെ മിഷനിൽ ഒരു പങ്കുണ്ട്. ഇങ്ങനെ പലതലങ്ങളിൽ ദൈവിക നിയോഗം ഏറ്റെടുത്തവരുടെ ചരിത്രമാണ് നമ്മുടെ മഹായിടവകയുടെ ചരിത്രം. അത് മദ്ധ്യകേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ ദൈവിക ഇടപെടൽ വെളിപ്പെട്ടതിന്റെ ചരിത്രംകൂടിയാണ്. അങ്ങനെ ദൈവിക നിയോഗം ഏറ്റെടുത്ത ഒരാളായിരുന്നു റവ. എം. വി. പോത്തൻ അച്ചൻ.

**ഒരു സുവിശേഷയാത്രയുടെ ആരംഭം**

പ്രാഥമിക വിദ്യാഭ്യാസം നൽകുന്ന വിദ്യാലയങ്ങളാണ് കേരളത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിൽ പ്രധാനപ്പെട്ടതെന്ന് 19-ാം നൂറ്റാണ്ടിൽതന്നെ സി. എം. എസ്. മിഷനറിമാർ തിരിച്ചറിഞ്ഞു. പള്ളികളോട് ചേർന്നുള്ള പള്ളിക്കൂടങ്ങൾ അങ്ങനെ രൂപപ്പെട്ടു. പൂവ ത്തൂർ, മണ്ണാകുന്നിൽ, ഗീവർഗീസ് എന്ന പിതാവിന്റെയും ആച്ചിയമ്മ എന്ന മാതാവിന്റെയും മൂത്ത പുത്രനായ എം. വി. പോത്തൻ ഒരു അദ്ധ്യാപകനായാണ് തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ചത്. 1896ൽ പള്ളം സി. എം. എസ്. വെർണാകുലർ സ്കൂളിൽ ആരംഭിച്ച അദ്ധ്യാപനജീവിതത്തിന് അഭിമാനിക്കാൻ പ്രഗത്ഭരായ ശിഷ്യരുടെ ഒരു ഗണംതന്നെയുണ്ട്. ദിവംഗതനായ ജേക്കബ് തിരുമേനി അവരിലൊരാളാണ്. ആറു വർഷത്തിനുശേഷം മുണ്ടിയ പ്പള്ളി ഇടവകയിൽ ഉപദേശിയായും സ്കൂളിൽ പ്രധാന അദ്ധ്യാപകനായും നിയമിതനായി. തുടർന്ന് 1912 മുതൽ 1918വരെ കുന്നന്താനം സഭയിൽ ആശാനുപദേശിയായി പ്രവർത്തിച്ചു. 1919ൽ പൂർണ്ണസമയ സുവിശേഷവേലയിലേക്ക് തിരിഞ്ഞു. നാലു വർഷം പെരുന്തുരുത്തി ഇടവക ഉപദേശിയായി സേവനം ചെയ്തതിനുശേഷം ബിഷപ്പ് സി. എച്ച്. ഗില്ലിന്റെ നേതൃത്വത്തിലുണ്ടായിരുന്ന 'ജോൺസ് ഇവാഞ്ചലിസ്റ്റസ്' എന്ന സുവിശേഷസംഘത്തിലെ പ്രവർത്തകനായിത്തീർന്നു. അക്കാലത്ത് ഓച്ചിറ മിഷൻ, അടൂർ മിഷൻ തുടങ്ങിയ മിഷൻ പ്രവർത്തനങ്ങളിൽ വ്യാപൃതനായിത്തീർന്നു.

**പൗരോഹിത്യ ശുശ്രൂഷ**

എം. വി. പോത്തൻ ഉപദേശിയുടെ പ്രാഗത്ഭ്യം മനസ്സിലാക്കിയ ബിഷപ്പ് ഇ. എ. എൽ. മൂർ അദ്ദേഹത്തെ പൗരോഹിത്യ ശുശ്രൂഷയിൽ അഭിഷേകം ചെയ്തു. തുടർന്ന് പട്ടക്കാരനായി കുമ്പളാംപൊയ്ക, ചേലക്കൊമ്പ്, പാമ്പാടി, പുതുപ്പള്ളി എന്നീ ഇടവകകളിൽ പ്രവർത്തിച്ചു. 69-ാം വയസ്സിൽ പുതുപ്പള്ളി ഇടവകയിൽ ആയിരിക്കുമ്പോൾ ശുശ്രൂഷയിൽനിന്നും ഔദ്യോഗികമായി വിരമിച്ചു. കുമ്പനാട്ട് സ്വവസതിയിൽ താമസിച്ചിരുന്ന പോത്തൻ അച്ചന് ജേക്കബ് തിരുമേനി മുണ്ടിയപ്പള്ളി ഇടവകയുടെ ചുമതല 72-ാം വയസ്സിൽ നൽകി. എഴുപത്താറ് വയസ്സുവരെ അച്ചൻ ശുശ്രൂഷയിൽ മുഴുകുകയും 1954ൽ ഇടവകഭരണത്തിൽനിന്നും വിരമിക്കുകയും ചെയ്തു.

### ദൈവത്തോടൊരു ഹൃദയബന്ധം

തന്റെ ശുശ്രൂഷാകാലയളവിൽ റവ. എം. വി. പോത്തൻ അച്ചൻ വെല്ലുവിളികളെയും പ്രതിസന്ധികളെയും നേരിട്ടത് ആഴത്തിലുള്ള ദൈവബോദ്ധ്യത്തിലൂടെയാണ്. അച്ചന്റെ നർമ്മബോധം പ്രസംഗകലയിലും അതുപോലെ തന്റെ ശുശ്രൂഷാമേഖലകളിലും വളരെയധികം ശ്രദ്ധിക്കപ്പെട്ടു. പേരുകേട്ട കൺവൻഷൻ പ്രസംഗകനായിരുന്നു റവ. എം. വി. പോത്തൻ അച്ചൻ. മഹായിടവകയുടെ കൗൺസിൽ സമ്മേളനങ്ങളിൽ മൂർ തിരുമേനി ചില പ്രശ്നപൂർണ്ണമായ വിഷയങ്ങളിൽ പോത്തൻ അച്ചന് പറയാനുള്ളത് എന്തെന്ന് കേൾക്കണം എന്ന് പൊതുവായി ആവശ്യപ്പെട്ടിട്ടുണ്ട്. കോർഫീൽഡ് തിരുമേനിയും അച്ചന്റെ പ്രാഗത്ഭ്യത്തെ പലപ്പോഴും മാനിച്ചിട്ടുണ്ട്. ലളിതജീവിതം, പ്രാർത്ഥനാനിഷ്ഠ, അച്ചടക്കമുള്ള ജീവിതം തുടങ്ങിയ സ്വഭാവ സവിശേഷതകൾ അച്ചനെ ഒരു ഭക്തന്റെ ജീവിതം കെട്ടിപ്പടുക്കുന്നതിന് സഹായിച്ചു. 1937ൽ കുടുംബത്തോടൊപ്പം പാമ്പാടിയിൽ ശുശ്രൂഷ ചെയ്തിരുന്ന സമയത്ത് തന്റെ പത്നി അന്നമ്മ അമ്പത്തഞ്ചാമത്തെ വയസ്സിൽ ഈലോക ജീവിതത്തിൽനിന്നും വേർപിരിഞ്ഞു. അച്ചൻ പുതുപ്പള്ളിയിൽ ശുശ്രൂഷ ചെയ്യുമ്പോൾ 1943ൽ തന്റെ മകൻ ഏബ്രഹാമും ഈ ലോകത്തോട് യാത്രപറഞ്ഞു. 27 വയസ്സുണ്ടായിരുന്ന ഏബ്രഹാം ആ സമയം കല്ലേലി സഭയിൽ ശുശ്രൂഷ ചെയ്യുകയായിരുന്നു. ഇതുപോലെയുള്ള വ്യക്തിപരമായ ദുഃഖങ്ങളുടെ മുമ്പിൽ അച്ചൻ തളർന്നുപോയില്ല. തന്റെ ബലഹീനങ്ങളായ കരങ്ങളെ യേശുവിന്റെ ആണിപ്പാടുള്ള കരങ്ങളിൽ നൽകിക്കൊണ്ട് അച്ചൻ ഈ ദുഃഖങ്ങളിൽ പതറാതെനിന്നു.

പ്രത്യാശയോടെയുള്ള ജീവിതത്തിനൊടുവിൽ 84-ാം വയസ്സിൽ നിത്യസ്വസ്ഥതയിലേക്ക് അച്ചൻ പ്രവേശിച്ചു. മരിക്കുന്നതിന് രണ്ടാഴ്ച മുമ്പ് താൻ ഏറ്റിരുന്ന കൺവൻഷൻ പ്രസംഗങ്ങൾ വരാൻ സാധിക്കുകയില്ലയെന്നു പറഞ്ഞ് പുനഃക്രമീകരണങ്ങൾ ചെയ്തിരുന്നു. ക്രിസ്തുവിൽ വീണ്ടും പുതിയ ജനനം പ്രാപിക്കുന്നവർക്ക് മരണത്തിനപ്പുറം ക്രിസ്തുവിനോടു ചേർന്ന് ഒരു ജീവിതമുണ്ടെന്ന് അച്ചൻ പഠിപ്പിക്കുകയും പ്രത്യാശയോടെ ഈലോക ജീവിതത്തോട് വിടപറയുകയും ചെയ്തു. മഹായിടവകയിൽ അക്കാലത്തുണ്ടായിരുന്ന പ്രശ്നസങ്കീർണ്ണമായ വിഷയങ്ങളിൽ സത്യത്തിലും നീതിയിലും ഉറച്ചുനിന്നുകൊണ്ട് അച്ചനെടുത്ത നിലപാടുകൾ അദ്ദേഹത്തെ പൊതുസമ്മതനാക്കി.

### സുവിശേഷത്തിന്റെ സാമൂഹികമാനം

ചുറ്റുപാടുകളുടെ വേദനകൾക്കുനേരെ കണ്ണടയ്ക്കുന്ന സുവിശേഷം ക്രിസ്തുവിന്റെ സുവാർത്തയല്ല. പുതുപ്പള്ളി ഇടവകയിലെ എട്ടു വർഷത്തെ ശുശ്രൂഷാവേളയിൽ നാടിന്റെ പുരോഗതിക്കായി ഒരു സഹകരണസംഘം സ്ഥാപിച്ചു. ഓഫീസ് കെട്ടിടം ലഭിക്കുന്നതുവരെ പാഴ്സനേജിലാണ് സൊസൈറ്റി ഓഫീസ് പ്രവർത്തിച്ചത്. ഇന്നത് 1900-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്ക് എന്ന മഹത്സ്ഥാപനമായിത്തീർന്നിരിക്കുന്നു.

കുന്നന്താനം പോത്തൻ അച്ചന്റെ വ്യക്തിമുദ്ര പതിയപ്പെട്ട ഒരിടമാണ്. ജാതിവ്യവസ്ഥ ശക്തമായി നിലനിന്ന കാലത്ത് പുല്ലാട് സർക്കാർ സ്കൂളിൽ എല്ലാ കീഴ്വഴക്കങ്ങളെയും ലംഘിച്ചുകൊണ്ട് സാമൂഹിക അസമത്വവും അനീതിയും നേരിട്ട കുട്ടികൾക്ക് സ്കൂൾപ്രവേശനം നേടിക്കൊടുത്തു. ഇത് ആ സമയത്ത് വലിയ പ്രശ്നങ്ങൾ ആ പ്രദേശത്ത് സൃഷ്ടിച്ചു. പുല്ലാട് സ്കൂൾ തീവെച്ച് നശിപ്പിച്ചു. എന്നിരുന്നാലും അച്ചൻ പിന്നോട്ടു മാറിയില്ല. അച്ചന്റെ ധൈര്യവും തന്റേടവും ഈ സമയങ്ങളിലെല്ലാം പ്രകടമായി. നിലപാടുകളിൽ ഉറച്ചുനിൽക്കുന്ന പ്രകൃതക്കാരനായിരുന്നു പോത്തൻ അച്ചൻ. കുന്നന്താനം സഭ ശക്തിപ്പെടുത്തുന്നതിന് അച്ചൻ ആ പ്രദേശങ്ങളിലെല്ലാം നിരന്തരമായി യോഗങ്ങൾ സംഘടിപ്പിക്കുകയും ആ ജനസമൂഹത്തെ പ്രബുദ്ധതയിലേക്ക് നയിക്കുകയും ചെയ്തു. അച്ചന്റെ മരണശേഷം 1962ൽ സഭാജനങ്ങൾ കുന്നന്താനം പള്ളിയിൽ അദ്ദേഹത്തിന്റെ സ്മരണാർത്ഥം ഒരു മാർബിൾഫലകം സ്ഥാപിച്ചു.

അടൂർ മിഷൻപ്രവർത്തനത്തിന്റെ ഓർമ്മയ്ക്കായി അന്നാട്ടുകാർ നോഹാസ് ആർക്കിൽ അച്ചന്റെ ഒരു ഛായാപടം സ്ഥാപിക്കുകയും ഒരു ക്രിസ്തീയ വായനശാല തന്റെ പേരിൽ ആരംഭിക്കുകയും ചെയ്തു. മുണ്ടിയപ്പള്ളി ഇടവക 1967ൽ ശതാബ്ദി ആഘോഷിച്ചപ്പോൾ അച്ചനെ ശമര്യ പുരുഷനായി അംഗീകരിച്ച് സെന്റിനറി സ്മാരക ഹാളിന് റവ. എം. വി. പോത്തൻ മെമ്മോറിയൽ ഹാൾ എന്നു നാമകരണം ചെയ്തു.

കൂട്ടുകാരേ, അച്ചന്റെ ജീവിതത്തെ നോക്കി നമുക്കെന്തെല്ലാം പഠിക്കാനുണ്ട്? നാം ദൈവത്തോട് ഒരു ഹൃദയബന്ധം സൂക്ഷിക്കുന്നവരാണോ? പ്രതിസന്ധികളിൽ ദൈവാശ്രയം മുറുകെ പിടിക്കുന്നവരാണോ? നമ്മുടെ ചുമതലകളിൽ വിശ്വസ്തരാണോ? സത്യവും നീതിയുമുള്ള നിലപാടുകൾ എടുക്കുന്നവരാണോ? സഭയ്ക്കും സമൂഹത്തിനും നന്മ ചെയ്യുന്നവരാണോ? നമ്മുടെ മരണശേഷം മറ്റുള്ളവർ നമ്മെക്കുറിച്ച് പറയുന്നതെന്തായിരിക്കും? നമുക്ക് സ്വയം ചോദിക്കാം.

(കടപ്പാട്: 'വീരനാം ക്രൂശിൻ ഭടൻ' - എം. പി. നൈനാൻ,
റവ. ജയിംസ് ഡേവിഡ്, കുന്നന്താനം)

*തയ്യാറാക്കിയത്:*
**റവ. സന്ദീപ് ജേക്കബ്**

# പ്രത്യേക ശ്രദ്ധയ്ക്ക്...

## വി. ബി. എസ്. ലീഡേഴ്സ് പരിശീലന ക്യാമ്പ്

**2017 മാർച്ച് 19, 20, 21**
**സി. എസ്. ഐ. റിട്രീറ്റ് സെന്റർ, കോട്ടയം**

**2017 മാർച്ച് 23, 24, 25**
**ഏദൻ ഇക്കോ സ്പിരിച്ച്വാലിറ്റി സെന്റർ, ഓതറ**

NB: മാർച്ച് 5നു മുമ്പായി നിശ്ചിത ഫോറത്തിൽ പേര് രജിസ്റ്റർ ചെയ്യണം

## സൺഡേസ്കൂൾ വിഹിതം

- *ബാലജനപ്പെരുന്നാൾ സ്തോത്രകാഴ്ച*
- *സൺഡേസ്കൂൾ ഞായർ കവർപിരിവ്*
- *അഖിലലോക സൺഡേസ്കൂൾ ദിന സ്തോത്രകാഴ്ച*
- *മിഷൻ സൺഡേ സ്തോത്രകാഴ്ച*
- *കേന്ദ്ര ഫണ്ട്*

*മാർച്ച് 15നു മുമ്പായി*
*കേന്ദ്ര ഓഫീസിൽ അടച്ച് സഹകരിക്കുമല്ലോ.*

**സൺഡേസ്കൂൾ രജിസ്ട്രേഷൻ മാർച്ച് 15നകം നടത്താൻ**
**എല്ലാ സൺഡേസ്കൂളും ശ്രദ്ധിക്കുമല്ലോ.**

മലയാളം, ഇംഗ്ലീഷ് പാഠപുസ്തകങ്ങളും വർക്ക് ബുക്കുകളും
ഓഫീസിൽ ലഭ്യമാണ്.